**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3918** **06-08-2021 - ൽ മറുപടിയ്ക്ക്**

**വെള്ളക്കരം വർദ്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Shri Roshy Augustine**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അവസാനമായി വെള്ളക്കരം വർദ്ധിപ്പിച്ചത് എന്നാണെന്നും എത്ര ശതമാനം വർദ്ധനവ് നിലവിൽ വന്നുവെന്നും അറിയിക്കുമോ; | (എ) | 10/02/2021 തീയതിയിലെ G.O.(MS)No. 9/2021/WRD നമ്പർ ഉത്തരവ് പ്രകാരം നിലവിലുണ്ടായിരുന്ന ജല ചാർജിന്റെ 5% വർദ്ധനവ് 01/04/2021 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് 2016 മുതൽ വെള്ളക്കരം കുടിശ്ശികയിനത്തിൽ എത്ര രൂപയാണ് കിട്ടുവാനുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ബി) | സംസ്ഥാനത്ത് ജല ചാർജ് കുടിശ്ശികയിനത്തിൽ 01/04/2016 മുതൽ 31/03/2021 വരെ (സ്ട്രീറ്റ് ടാപ്പ് ഉൾപ്പെടെ) 1090.07 കോടി രൂപയാണ് കിട്ടുവാനുള്ളത്. |
| (സി) | 2016 മുതലുള്ള സംസ്ഥാന സർക്കാർ സ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും വെള്ളക്കര കുടിശ്ശിക ജില്ലതിരിച്ച് ലഭ്യമാക്കുമോ; | (സി) | 2016 മുതലുള്ള സംസ്ഥാന സർക്കാർ സ്ഥാപനങ്ങളുടെയും പൊതുമേഖലാസ്ഥാപനങ്ങളുടെയും വ്യക്തികളുടെയും ജല ചാർജ് കുടിശ്ശിക ജില്ലതിരിച്ച് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | സംസ്ഥാനത്ത് കുടിവെള്ളം പൈപ്പ് ലീക്കേജ് വഴി നഷ്ടപ്പെടുന്നത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) | പൈപ്പുകൾ പൊട്ടുന്നത് മൂലമുണ്ടാകുന്ന ജലനഷ്ടം ഒഴിവാക്കുന്നതിന് റണ്ണിങ് കോൺട്രാക്ടർ മുഖേനയും ബ്ലൂ ബ്രിഗേഡ് സംവിധാനം ഉപയോഗിച്ചും പൊട്ടിയ പൈപ്പിന്റെ ഭാഗം അടിയന്തരമായി മാറ്റി സ്ഥാപിച്ച് ജലനഷ്ടം ഒഴിവാക്കി വരുന്നു. കൂടാതെ പഴയതും കേടായതുമായ പൈപ്പുകൾ അമൃത്, കിഫ്ബി,ജല ജീവൻ മിഷൻ, എ ഡി ബി, സ്റ്റേറ്റ് പ്ലാൻ, നഗരസഭ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തി തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. പൈപ്പുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ വേണ്ടി Pre Delivery, Post Delivery ടെസ്റ്റിംഗ് നടത്തുന്നതിനായി സർക്കാർ സ്ഥാപനമായ Central Institute of Petrochemicals Engineering & Technology (CIPET)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് പോളിസിയിൽ നിഷ്കർഷിച്ചിട്ടുള്ള പൈപ്പുകളാണ് |

| | | | |
|---|---|---|---|
| | | | ഉപയോഗിക്കുന്നത് എന്നതിനാൽ ജല വിതരണ പൈപ്പുകൾ അടിക്കടി പൊട്ടുന്നത് ഒഴിവാക്കുവാൻ സാധിക്കുന്നുണ്ട്. |
| (ഇ) | ഒരു വർഷം ഇത്തരത്തിൽ പൈപ്പ് ലീക്കേജ് വഴി എത്ര ലിറ്റർ വെള്ളം നഷ്ടപ്പെടുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; ജില്ലതിരിച്ച് കണക്ക് ലഭ്യമാക്കുമോ? | (ഇ) | ഒരു വർഷം ഇത്തരത്തിൽ പൈപ്പ് ലീക്കേജ് വഴി രണ്ട് മുതൽ രണ്ടര ലക്ഷം മില്യൺ ലിറ്റർ ജലം നഷ്ടപ്പെടുന്നുണ്ടെന്നാണ് പ്രാഥമിക പഠനങ്ങൾ തെളിയിക്കുന്നത് . ജില്ല തിരിച്ചുള്ള നഷ്ടം നിലവിൽ കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**സംസ്ഥാന സർക്കാർ സ്ഥാപനങ്ങളുടെയും പൊതുമേഖല സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും വെള്ളക്കര കുടിശ്ശിക (01.04.2016 മുതൽ 31.03.2021 വരെ)**

| ക്രമ നം | ജില്ലകൾ | സംസ്ഥാന സർക്കാർ (കോടി രൂപ) | പൊതുമേഖല സ്ഥാപനങ്ങൾ (കോടി രൂപ) | വ്യക്തികൾ (കോടി രൂപ) |
|---|---|---|---|---|
| 1. | തിരുവനന്തപുരം | 133.93 | 0.15 | 2.82 |
| 2. | കൊല്ലം | 2.43 | 8.37 | 72.02 |
| 3. | പത്തനംതിട്ട | 2.22 | 0.53 | 28.84 |
| 4. | കോട്ടയം | 7.58 | 2.05 | 15.37 |
| 5. | ആലപ്പുഴ | 4.48 | 0.34 | 48.94 |
| 6. | എറണാകുളം | 64.92 | 2.74 | 156.53 |
| 7. | തൃശ്ശൂർ | 15.44 | 1.83 | 15.93 |
| 8. | ഇടുക്കി | 1.83 | 2.98 | 5.69 |
| 9. | വയനാട് | 0.58 | 0.13 | 4.19 |
| 10. | കോഴിക്കോട് | 2.34 | 0.01 | 1.25 |
| 11. | മലപ്പുറം | 0.18 | 0.05 | 6.18 |
| 12. | പാലക്കാട് | 0.93 | 0.51 | 14.91 |
| 13. | കണ്ണൂർ | 1.39 | 1.49 | 4.15 |
| 14. | കാസർകോഡ് | 0.02 | 0.00 | 1.33 |
| | **ആകെ** | **238.30** | **21.18** | **378.15** |

**സെക്ഷൻ ഓഫീസർ**